# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 808 11.07.2016-ലെ മറുപടിക്ക്

### ഹയർ സെക്കണ്ടറി സ്കൂളുകളിലെ അധ്യാപക-അനധ്യാപക തസ്തികകൾ

**ചോദ്യം**

**ശ്രീ.പി.കെ.ബഷീർ**

(എ) കഴിഞ്ഞ സർക്കാർ, ഹയർ സെക്കണ്ടറി സ്കൂളുകൾ ഇല്ലാത്തതും കുറവുമായ പ്രദേശങ്ങളിൽ പുതുതായി അനുവദിച്ച സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ (അപ്ഗ്രേഡ് ചെയ്തവ) ആവശ്യമായ അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ആയതിന്റെ പകർപ്പ് നൽകുമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാത്തതിനാൽ രണ്ട് വർഷത്തിലധികമായി ജോലി ചെയ്ത് വരുന്ന അധ്യാപകർക്ക് ശമ്പളം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച ഫയലിൽ ധനകാര്യ വകുപ്പിന്റെ ശുപാർശ എന്തായിരുന്നു; വ്യക്തമാക്കുമോ;

**ഉത്തരം**

**പ്രൊഫ.സി.രവീന്ദ്രനാഥ്**

**(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

(എ) ഹയർസെക്കന്ററി സ്കൂൾ ഇല്ലാത്തതും കുറവുമായ പ്രദേശങ്ങളിൽ പുതുതായി അനുവദിച്ച സർക്കാർ / എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ആവശ്യമായ അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ച് . ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(ബി) 2014-15, 2015-16 അദ്ധ്യയന വർഷങ്ങളിൽ ഗവൺമെന്റ് മേഖലയിൽ പുതുതായി ആരംഭിച്ച ഹയർസെക്കന്ററി ബാച്ചുകളിലെ/ സ്കൂളുകളിൽ ജോലി ചെയ്തു വരുന്ന ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ എയ്ഡഡ് മേഖലയിൽ 2014-15, 2015-16 അദ്ധ്യയന വർഷങ്ങളിൽ അനുവദിച്ച ഹയർസെക്കന്ററി ബാച്ചുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകുന്നതിനായി 15-16 ലെ ഉപധനാഭ്യർത്ഥനയിൽ 2202-02-109-86-01-1 salary (NP), 2202-02-110-94-01-1 Salary (NP) എന്നീ ശീർഷകങ്ങളിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനായുള്ള (പഴയ നിരക്കിലെ) സാമ്പത്തിക ബാധ്യത 39,30,75,000/- രൂപയാണ്. ഇത്രയും തുക Additional authorization മുഖേനയോ Re-appropriation മുഖേനയോ മാത്രമേ

അനുവദിക്കാൻ കഴിയൂ. ആയതിനാൽ ഈ ആവശ്യത്തിനായി Additional Authorization / Re-appropriation പ്രൊപ്പോസൽ സമർപ്പിക്കുവാൻ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ധനകാര്യ വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിച്ച് വിശദമായ ഉത്തരവ് ഇറക്കി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി) തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സ്കൂൾതല വിഷയാടിസ്ഥാനത്തിലുള്ള വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്